(സി) നേരിട്ടുള്ള നിയമനങ്ങൾ നടത്തുവാനായി ഒഴിവുകൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. താൽക്കാലികാടിസ്ഥാനത്തിൽ കോൺട്രാക്ട് വ്യവസ്ഥയിൽ പാർട്ട് ടൈം ശാന്തിമാരെ നിയമിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

## ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യനിധി

117(T*5578) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യനിധിശേഖരണങ്ങളും രത്നങ്ങളും കാണാതായതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയുടെ നിധിശേഖരണമാണ് കാണാതായത്;

(സി) ഇതുസംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ക്ഷേത്രത്തിൽ പെരിയനമ്പിയായി പുതിയ ഒരാൾ ചാർജെടുത്തപ്പോൾ നിലവിലുണ്ടായിരുന്ന പെരിയനമ്പി കൈമാറിയ സാധനങ്ങളിൽ ചില രത്നങ്ങൾ കാണാനില്ലെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) ഉദ്ദേശം 21,79,450 രൂപയുടെ കല്ലുകൾ നഷ്ടമായതായിട്ടാണ് കണക്കാക്കുന്നത്.

(സി) ഇതുസംബന്ധിച്ച് ഫോർട്ട് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. പോലീസ് കേസെടുത്ത് അന്വേഷണം നടത്തി വരികയാണ്.

## അനർഹർക്ക് കാർഷിക കടാശ്വാസം

118(5579) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസം അനർഹർക്ക് അനുവദിച്ച് ഖജനാവിന് നഷ്ടം വരുത്തിയതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും സർവ്വീസ് സഹകരണ ബാങ്ക് മുൻ സെക്രട്ടറിക്കും പ്രസിഡണ്ടിനുമെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കാർഷിക കടാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട് അനർഹർക്ക് തുക അനുവദിച്ചു എന്ന പരാതിയിൻമേൽ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 2628, കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 2417 എന്നിവയ്ക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 1. കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 2628, പോലീസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഫയൽ ചെയ്ത QV/5/2013/KKD നമ്പർ ക്യുക്ക് വെരിഫിക്കേഷനും, VE 10/2011/NRK നമ്പർ വിജിലൻസ് എൻക്വയറിയും നടത്തിയിട്ടുണ്ട്.

2. കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഡി 2417, പോലീസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് ഫയൽ ചെയ്ത വി.സി.2/2009 നമ്പർ വിജിലൻസ് കേസ് ഇപ്പോഴും അന്വേഷണത്തിലാണ്.

### സർട്ടിഫിക്കറ്റ് കോഴ്സ്

119(5580) ശ്രീ. എം. സ്വരാജ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് കാർഷിക സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് സർട്ടിഫിക്കറ്റ് കോഴ്സ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോഴ്സിന്റെ കാലാവധി, സിലബസ് തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത കോഴ്സ് എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി &സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly